## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2227 — 08. 12. 2015 ൽ മറുപടിക്ക്

### വൈദ്യുത ചാർജ്ജ് വർദ്ധനവ്

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈസർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ചാർജ് വിവിധ ഘട്ടങ്ങളിൽ വർദ്ധിപ്പിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ; | (എ) താഴെ പറയുന്ന കാരണങ്ങളാൽ വിവിധ ചെലവിനങ്ങളിലുണ്ടായ വർദ്ധനവ് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ട്.<br>i. താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ അനുപാതത്തിൽ ഉണ്ടായ ഗണ്യമായ വർദ്ധനവ്.<br>ii. വൈദ്യുതിയുടെ ഉത്പാദന, പ്രസരണ വിതരണ മേഖലകളിലെ ചെലവിനങ്ങളിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്.<br>iii. പാരിസ്ഥിതികാനുമതി പ്രശ്നങ്ങളാലും പൊതുജനങ്ങളുടെ എതിർപ്പ് മൂലവും പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ.<br>iv. വൈദ്യുതി വാങ്ങൽ ചെലവിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവ്<br>v. സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളിലെ ഉയർന്ന വൈദ്യുതി ഉല്പാദന ചെലവ്<br>vi. സംസ്ഥാനത്തിനു പുറമേ നിന്ന് വൈദ്യുതി കൊണ്ടു വരുന്നതിനുള്ള പ്രസരണ ഇടനാഴിയുടെ അഭാവം.<br>vii വർദ്ധിച്ച തോതിലുള്ള നാണയപ്പെരുപ്പ നിരക്ക്.<br><br>പ്രസ്തുത കാരണങ്ങളാൽ വർദ്ധിച്ച, ബോർഡിന്റെ വരുമാന കമ്മി നികത്തുന്നതിനുവേണ്ടി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ചാർജ്ജ് വർദ്ധനവുകൾ നടപ്പിലാക്കിയിട്ടുള്ളത്. |

| | |
|---|---|
| (ബി) നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(സി) ചാർജ്ജ് വർദ്ധിപ്പിക്കു-ന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭ്യമാ-യിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) & (സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. വൈദ്യുതി ബോർഡ്, 2015-16 വർഷത്തെ, അതിന്റെ പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷൻ (ARR&ERC) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. പ്രസ്തുത പെറ്റീഷൻ പ്രകാരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും റഗുലേറ്ററി കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ചിട്ടില്ല. റഗുലേറ്ററി കമ്മീഷൻ പ്രസ്തുത പെറ്റീഷൻമേൽ ഇനിയും തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ